ബോധിവൃക്ഷത്തണലിൽ 24/10/2017

# ഉറച്ചു നിൽക്കാം സ്വന്തം സ്വത്വത്തിൽ!.

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

**(ഓർഗനൈസിംഗ് സെക്രട്ടറി, ശാന്തിഗിരി ആശ്രമം)**

പതിവു പോലെ ഗംഗയിൽ കുളിക്കാൻ ചെന്ന മുനി ഒരു കാഴ്ചകണ്ടു. തന്നെ പിടികൂടാൻ തക്കം പാർത്തിരിക്കുന്ന ഒരു പരുന്തിൽ നിന്ന് രക്ഷപ്പെടാനായി വിറച്ചുകൊണ്ട് പരിശ്രമിക്കുകയാണ് ഒരു എലി. എലിയുടെ ദയനീയാവസ്ഥ കണ്ട മുനിക്ക് അതിനെ അവിടെ ഉപേക്ഷിച്ചു പോരാൻ മനസ്സു വന്നില്ല. രക്ഷിച്ചില്ലെങ്കിൽ പരുന്ത് ആ സാധു ജീവിയെ പിടിച്ചു തിന്നുമെന്ന് ഉറപ്പായതോടെ മുനി എലിയെ പിടിച്ച് തുണിയിൽ പൊതിഞ്ഞ് തന്റെ ആശ്രമത്തിലേക്കു പോയി. ആശ്രമത്തിലെത്തി എലിയെ സാവകാശം പുറത്തെടുത്തു. എലി രണ്ടും കൈയും കൂപ്പി മുനിയോട് നന്ദി പ്രകടിപ്പിച്ചു. എലിയുടെ സന്മനസ്സു കണ്ട മുനി അതിനെ ഒരു പെൺകുട്ടിയാക്കി മാറ്റി സ്വന്തം പുത്രിയെപ്പോലെ വളർത്താൻ തീരുമാനിച്ചു.

അങ്ങനെ എലിയൊരു പെൺമണിയായി വളർന്നു. കാലം കുറെ കടന്നു പോയി. ഇതിനോടകം ഒരു സൗന്ദര്യധാമമായി തീർന്ന മുനി പുത്രിയെ വിവാഹം കഴിക്കുവാൻ യോഗ്യന്മാരായ യുവാക്കൾ സമീപിച്ചു തുടങ്ങി. സൂര്യ ഭഗവാനാണ് ആദ്യമെത്തിയത്. എന്നാൽ സൂര്യന്റെ തീഷ്ണപ്രഭയിൽ പെട്ട് താൻ വാടിപ്പോവുകയേ ഉള്ളൂ എന്നു പറഞ്ഞ് മുനിപുത്രി സൂര്യനെ തിരസ്കരിച്ചു. പിന്നീട് മേഘദേവൻ വന്നു. എന്നാൽ മേഘത്തെപ്പോലെ കറങ്ങിത്തിരിഞ്ഞ് നടക്കുന്നയാളെ തനിക്കു വേണ്ടെന്നായി മുനികുമാരി. പർവ്വത കുമാരന്റെ ഊഴമായിരുന്നു അടുത്തത്. ഭീമൻ പർവ്വതത്തിന്റെ അടയിൽ പെട്ടാൽ താൻ ചതഞ്ഞ് ചാവുമെന്ന് പറഞ്ഞ് പർവ്വതത്തിന്റെ വിവാഹാലോചനയും മുനിപുത്രി തള്ളിക്കളഞ്ഞു.

എന്നാൽ പിന്നെ തന്റെ മകൾക്ക് അനുയോജ്യനായ കരുത്തുറ്റ ഒരു യുവാവിനെ നിർദ്ദേശിച്ചു തരണമെന്ന് പർവ്വതത്തോട് മുനി യാചിച്ചു. തന്നെപ്പോലും തുരന്ന് തള്ളാൻ കഴിയുന്ന മൂഷികനായാലോ എന്ന് പർവ്വതം മറുപടി പറഞ്ഞു. ഒടുവിൽ ഒത്ത ഒരു മൂഷികനെ തന്നെ മുനി ആശ്രമത്തിലേക്ക് ക്ഷണിച്ചു. മൂഷികനെ കാണേണ്ട താമസം മുനികുമാരി അവനിൽ അനുരക്തയായി. അപ്പോഴാണ് മുനിക്ക് അക്കാര്യം ബോധ്യം വന്നത്. മൂഷിക സ്ത്രീ എന്നും മൂഷിക സ്ത്രീ തന്നെ. തന്റെ മകളെ അദ്ദേഹം ഉടൻ തന്നെ പൂർവ്വരൂപത്തിലാക്കി. എലിയായി മാറിയ കുമാരി മറ്റൊരു എലിയെ വിവാഹം ചെയ്ത് സന്തോഷത്തോടെ ജീവിച്ചു.

താൻ എന്താണോ അതിനോട് നീതി പുലർത്തുന്ന ജീവിതം തെരഞ്ഞെടുക്കുക. പുറം പൂച്ചും കാപട്യവും ഒരിക്കലും നിലനിൽക്കില്ല. കാലത്തിന്റെ പരീക്ഷണങ്ങൾക്കു മുന്നിൽ പുറം പൂച്ചുകാർക്ക് പിടിച്ചു നിൽക്കാൻ കഴിയില്ല. ജാഡകളും ബാഹ്യപ്രകടനങ്ങളും സ്വത്വത്തെ നശിപ്പിക്കാതെ നോക്കണം.